# C M S H S, PUTHUPPALLY

## LITTLEKITES MAGAZINE 2024



# ശലഭം

SHALABHAM

# ആശംസകൾ

നമ്മുടെ സ്കൂളിലെ ലി റ്റി ൽ കൈ റ്റ്സ് വിദ്യാർത്ഥി കൾ പഠന പ്രവർ ത്ത നങ്ങളിലൂടെ ആർജിച്ച അറിവും സർഗ്ഗ ശേഷി യും സമന്യയിപ്പിച്ചുകൊണ്ട് 2023 –24 അധ്യയന വർഷം പുറത്തിറക്കുന്ന ഈ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു

ഹെഡ് മാസ്റ്റർ

**John varghese**



# ഉള്ളടക്കം

ശലഭം ...............4

അമൂല്യമായ
പ്രകൃതിവിഭവം .................5

പട്ടിണി ................6

ലഹരിക്കെതിരെപോരാടാം .................7

കളിമിഴികൾ ..................8

കനവിന്റെ പാതയിൽ ..................9

സൈക്കിൾ ................10

ഹോളി ഉത്സവം ................11

HARBIN ICE AND SNOW FESTIVAL ...............12

മഹത് വചനങ്ങൾ ...............13

REAL LIFE HERO ...............14

മാലിന്യ വിമുക്ത കേരളം ...............15

GREAT WORDS ...............16

KOCHI STADIUM .............17

രണ്ടു കൂട്ടുകാർ ...............18

THE DONKEY IN THE LION'S SKIN .............19

രണ്ടു പൂമ്പാറ്റകളുടെ
കഥ .............20

എന്റെ ഭാഷ .............21



# ശലഭം

നിറമുള്ള പീലിയിൽ ചെന്തീ നിറച്ചൊരു
ശലഭത്തിനുണ്ടൊരാ നീലവാനം
ഉയരങ്ങളൊത്തിരി ഉയരുവാതില്ലെങ്കിലും
ഉടലൊരു ബഹ്ഹുവരണ പട്ടമാക്കി
അഴകാർന്ന പുലരിയിൽ പറന്നു പാറാൻ

ഉള്ളിലദമ്യമാം ആശയുണ്ട്
യിമ ചിമ്മിയടക്കുന്ന നേരത്തിനുളിൽ
യിലപൊഴിയും പോലവൾ യുതിർന്ന് വീഴും
അടരുന്നതിന്  മുൻപ് മറവിയിൽ മുങ്ങാതെ
അടയാളമായൊരു ശലഭ ചിത്രം

SHIBU JOY
HEAD MASTER
(CMSHSS,KUZHIKA)

# അമൂല്യമായപ്രകൃതിവിഭവം

ഭൂമിയിലെ ഏറ്റവും അമൂല്യമായ പ്രകൃതിവിഭവമാണ് ജലം. വെള്ളം നിറമില്ലാത്തതും, രുചിയില്ലാത്തതും ,മണമില്ലാത്തതുമായ ദ്രാവകമാണ്. ജലം നമ്മുക്ക് മാത്രമല്ല പ്രകൃതിയിലെ എല്ലാ ജീവജാലങ്ങളുടെയും നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. കുടിവെള്ളം, പാചകം, ഗാർഹിക ആവശ്യങ്ങൾ, കൃഷി ,വ്യവസായം, നിർമ്മാണം തുടങ്ങിയവക്ക് നമ്മൾ വെള്ള ഉപയൊഗിക്കുന്നു. ആരോഗ്യം നിലനിർത്താൻ നമുക്ക് ശുദ്ധ ജലം ആവശ്യമാണ് ദിവവ്യ 2 ലിറ്റർ വെള്ളമെങ്കിലും നമ്മൾ കുടിക്കണം. അഴുക്ക വെള്ളം ഉപയോഗിച്ചാൽ കോളറ, ടൈഫോയ്ഡ്, തുടങ്ങിയ വിവിധ രോഗങ്ങൾ പിടിപെടാൻ സാധ്യതയുണ്ട്. ഇപ്പോൾ ശുദ്ധ ജലം വിലകോടുത്ത് വാങ്ങികുടിക്കേണ്ട അവസ്ഥയിലേക്കാണ് നമ്മൾ എത്തിയിരജലാശയങ്ങളുടെ മലിനീകരണം ജീവജാലങ്ങളുടെ നിലനിൽപ്പിന് ഭീഷണിയാണ്. തലമുറകൾക്കുവേണ്ടി വെള്ളം സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. ജലത്തിന്റെ ഉപയോഗം നിയന്ത്രിച്ചും ജലമലിനീകരണം തടഞ്ഞും ജലസംരക്ഷ ഉറപ്പാക്കണം. ജീവന്റെ നിലനിൽപ്പിന് ആവശ്യമായ ഘടകങ്ങളിലോന്നാണ് വെള്ളം നമ്മുടെ ഉപയോഗിക്കാൻ നമ്മുക്ക് കഴിയണം ഓരോ തുളളി ജലവും വിലപ്പെട്ടതാണ് ജലത്തിന് പകരം വെയ്ക്കാൻ ഒന്നിനും കഴിയില്ലെന്ന് നാം മനസ്സിലാക്കണം ജലം സംരക്ഷിക്കുക ജീവൻ രക്ഷിക്കുക.




# പട്ടിണി

ലോകത്തിലെ പൊതുജനാരോഗ്യത്തിന് ഏറ്റവും വലിയ ഭീഷണിയാണ് പട്ടിണി. ഒരോ വർഷവും അഞ്ച് വയസ്സിന് താഴെയുള്ള 3.1 ദശലക്ഷം കുട്ടികളുടെ മരണത്തിന് കാരണമായ ഘടകമാണ് പോഷകാഹാരക്കുറവ് ഭക്ഷണമില്ലാതെ, മനുഷ്യർ സാധാരണയായി രണ്ട് മാസത്തിനുള്ളിൽ മരിക്കുന്നു. ഒരു നേരത്തെ ഭക്ഷണത്തിനു പോലും വകയില്ലാതെ വീർപ്പുമുട്ടുന്നവരുണ്ട്. ഉച്ചഭക്ഷണസമയത്ത് നമ്മൾ പാഴാക്കുന്ന ഭക്ഷണം എത്രയാണ്. അതുപോലെ വിവാഹം പോലെയുള്ള ആഘോഷങ്ങൾ ഭക്ഷ്യധൂർത്തിൽ പര്യായമായി മാറുന്നു. ഇങ്ങനെ പാഴാക്കുന്ന ഭക്ഷണം അർഹതപ്പെട്ടവരിൽ എത്തിക്കാൻ കഴിഞ്ഞാൽ അത് ഒരുപാടുപേരുടെ വിശപ്പുമാറ്റാൻ വഴിയൊരുക്കാം. വിശക്കുന്നവരുമായി ഭക്ഷണം പങ്കിടുന്ന സംസ്കാരം നമ്മുക്ക് വളർത്താം. ഒരു വറ്റ് പാഴാക്കുമ്പോൾ വിശന്നു കരയുന്ന ആയിരങ്ങളെ ഓർക്കാം നാം അനാവശ്യമായി കളയുന്ന ഭക്ഷണം അവരുടെ വിശപ്പുമാറ്റാൻ ഉതകട്ടെ. വിശക്കുന്നവർക്ക് ആഹാരം നൽക്കുന്നത് ദൈവപൂജയ്ക്കുതുല്യമാണ്. ഇങ്ങനെ ദൈവപൂജ ചെയ്യുന്ന വിശക്കുന്നവരിൽ ദൈവത്തെ കാണുന്ന നന്മയുടെ ആൾരൂപങ്ങൾ ഏതുകാലത്തും ഏതു സമൂഹത്തിലും ഉണ്ടാകും. അവരെപ്പോലുള്ളവർ സമൂഹത്തിന് പ്രതീക്ഷയും പ്രത്യാശയുമാണ്. ഓരോരുത്തരും അവരവരുടെ ആവശ്യത്തിൽ കൂടുതൽ ശേഖരിക്കാതിരിക്കുകയും ഉള്ള ഭക്ഷണം പങ്കുവച്ചു കഴിക്കുകയും ചെയ്താൽ പട്ടിണിയെ മറികടക്കാൻ കഴിയും




അലീന റെയ്ച്ചൽ യേശുദാസ്
8C

# ലഹരിക്കെതിരെ നമ്മുക്ക പോരാടാം




ലഹരി ആധുനിക തലമുറയെ ശാരീരികമായും മാനസികമായും തളർത്തുന്നു. കേരളത്തിലെ പ്രധാന നഗരങ്ങളായ തിരുവനന്തപുരം, കൊച്ചി എന്നിവയെല്ലാം ലഹരിയുടെ ഉപയോഗിത്തിൽ മുൻപന്തിയിലാണ്. ദിനംപ്രതിയുള്ള പത്രവാർത്ത എടുത്ത് നോക്കിയാൽ അറിയാം മയക്കമരുന്ന് ഉപയോഗിക്കുന്നവരിൽ പലർക്കും 18 വയസ്സ് പോലും ആയിട്ടുണ്ടാവില്ല. ലഹരി സമൂഹത്തിൽ പലരൂപത്തിൽ കാണുന്നു. ഉപയോഗിക്കാൻ എളുപ്പത്തിൽ മിഠായിയുടെ രൂപത്തിൽ പോലും ലഭ്യമാണ്. ലഹരി ഉപയോഗിക്കുന്നവർ പീഡനത്തിന് ഇരയാകുന്നത് സാധാരണമാണ്. കാമുക വേഷം കെട്ടി പെൺകുട്ടികളെ പ്രണയക്കുരുക്കിലാക്കി വിദേശത്തേക്ക് കടത്തുന്ന തീവ്രവാദി സംഘടനകളുടെ പ്രതിനിധീകളും ഇവർക്കിടയിലുണ്ട്. വ്യക്തി, കുടുംബം, സമൂഹം എന്തിന് ഒരു രാഷ്ട്രീയത്തെ മൊത്തം തകർക്കാൻ ശക്തിയുള്ള ഈ സാമൂഹികവിപത്തിനെ കുറിച്ച് പൊതുസമൂഹം ജാഗരൂഗയാകേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

**അമൃത.എസ്**

8A

# കനവിന്റെ പാതയിൽ



ഇന്ന് ഉണ്ണിമോളുടെ ബഹിരാകാശ പേടകം ആകാശത്തേക്ക് കുതിച്ച് ഉയരുകയാണ്. അവളുടെ ചുറ്റും മീഡിയാക്കാർ വട്ടം ചുറ്റി. മീഡിയാക്കാർ ഒരാൾ ഉണ്ണിമോളോട് ചോദിച്ചു. “നിങ്ങൾ എന്തുകൊണ്ടാണ് ഈ ജോലി എടുക്കാൻ കാരണം" ഉണ്ണിമോൾ സന്തോഷത്തോടെ പറഞ്ഞു. “എന്റെ ചേട്ടൻ! അദ്ധോഹത്തോട് ഞാൻ കുട്ടിയായിരുന്നപ്പോൾ ചോതിക്കുമായിരുന്ന അച്ഛൻ എവിടെയാണ് എന്ന്. അപ്പോൾ ചേട്ടൻ ആകാശത്തെ ചൂണ്ടി കാണിച്ചിട്ട് പറയും ആകാണുന്ന നക്ഷത്രങ്ങളുടെ കൂടെയുണ്ടെന്ന് പറയും. അന്ന് ഞാൻ പ്രതിജ്ഞയെടുത്തതാണ് ഒരു ദിവസം ആ നക്ഷത്രക്കൂട്ടത്തിന്റെ അടുത്ത് എത്തും എന്ന്. എന്റെ ചേട്ടൻ ആണ് എന്റെ എല്ലാം" ഇത്രയും പറഞ്ഞ് ഉണ്ണിമോൾ അവിടെ നിന്ന് പോയി എന്റെ കണ്ണിൽ നിന്ന് കണ്ണുനീർ പൊഴിഞ്ഞു. ഉണ്ണിമോൾ ബഹിരാകാശപേടകത്തിൽ കയറി. വാതിൽ അടയുന്നതിന് മുൻപ് എന്നെ നോക്കി മെല്ലേ പുഞ്ചിരിച്ചു. പേടകം ആകാശത്തേക്ക് പറക്കാൻ ഇനി അഞ്ച് മിനിറ്റ് മാത്രം എന്റെ ഹൃദയം വേഗത്തിൽ ഇടിച്ചു. പേടകം ആകാശത്തേക്ക് ഉയർന്നു കരഘോഷങ്ങൾ മുഴങ്ങി. ശ്രീഹരികോട്ടയുടെ ആകാശത്ത് ആ പേടകം വിസ്മയം തീർത്തു എല്ലാവരുടെയും മുഖത്തെ സന്തോശം ഞാൻ നോക്കി നിൽക്കവെ. അതികനേരം അത് നിന്നില്ല. പെട്ടന്ന് ആ പേടകം ഒരു തീഗോളം ആയി മാറി. അത് നാല് ഭാഗത്തേക്കും തെറിച്ചു വീണു.എല്ലാവരുടെയും മുഖത്തെ സന്തോഷങ്ങൾ മങ്ങി. എന്റെ ഉണ്ണിമോളെ എന്നന്നേക്കുമായി നഷ്ടപ്പെട്ടു. ഉണ്ണിമോളുടെ കളിയും ചിരിയും എല്ലാം എന്റെ മുഖത്തേക്ക് വീശിയ കാറ്റിൽ ആഞ്ഞ് അടിച്ചു. പേടകത്തിൽ ഉണ്ടായിരുന്ന അഞ്ച് പേർ മാത്രം രക്ഷപ്പെട്ടു. ഉണ്ണിമോൾ അവളുടെ ആഗ്രഹം സഫലം ആകാതെ പോയി. അവൾ പോകുന്നതിന് മുൻപ് എന്റെ പോക്കറ്റിൽ വെച്ച് തന്ന ആ കത്ത് എടുത്ത് ഞാൻ വായിച്ചു. “പ്രിയ ഏട്ടന് ഞാൻ ഏട്ടനെ ഒരുപാട് സ്നേഹിച്ചിരുന്നു. ഏട്ടൻ ഒട്ടും വിശമിക്കേണ്ട ഞാൻ തിരിച്ചെത്തും. തിരിച്ചെത്തിയില്ലെങ്കിൽ ഏട്ടൻ ഒട്ടും വിശമിക്കേണ്ട രാജ്യത്തിന് വേണ്ടി ഞാൻ എന്റെ ജീവൻ ദാനം നൽകി എന്ന് വിചാരിച്ചാൽ മതി.”എന്റെ കണ്ണിൽ നിന്ന് വീണ കണ്ണീർ തുള്ളി ആ നിർമലം ആയ പേപ്പറിന്റെ പുറത്ത് വീണപ്പോൾ ആ ഓരോ വാക്കുകളും വെന്ത് ഉരുകുന്നത് ഞാൻ അനുഭവിച്ച് അറിഞ്ഞു.

അനാമിക.എസ്.ബിജു
8A

# കളിമിഴികൾ

കൊതിയോടെ നോക്കിയിരുന്നു. അതിനേ കഴിയൂ. സ്വന്തം പേരക്കിടാങ്ങൾ സ്വാദൂറും ഭക്ഷണങ്ങൾ കഴിക്കുന്നു. അമ്മാളു അമ്മ നോക്കിയിരിക്കുന്നു. അമ്മാളു അമ്മ ഒരു രോഗിയാണ്. എങ്കിലും എല്ലാവരും പറയുന്നത് അമ്മാളുവിന് ഭ്രാന്താണ് എന്നൊക്കെ ആണ്. എന്നാൽ പേരക്കിടാങ്ങാളുമൊത്ത് കളിക്കുമ്പോൾ അമ്മാളുവിന് വലിയ സന്തോഷമാണ്. ആ വീട്ടിൽ അമ്മാളുവിനെ ആരെങ്കിലും അംഗീകരിക്കുന്നുണ്ടെങ്കിൽ അത് പേരക്കുട്ടികൾ മാത്രമാണ്. ഒരുപാട് പ്രതീക്ഷകളോടെ അമ്മാളു തന്റെ മകനെ വളർത്തി വലുതാക്കി. വലിയ ഒരു പദവിയിലാക്കി എന്നുതന്നെ പറയണം. തന്റെ മകൾ ഉണ്ണിയുടെ വിവാഹശേഷം അവൻ സ്വന്തമായി ഒരു കുടുംബജീവിതം തുടങ്ങിയപ്പോഴത്തേക്കും അമ്മയെ മറന്നു. അച്ഛനില്ലാതെയാണ് അമ്മാളു ഉണ്ണിയെ ഇത്രയും വളർത്തി വലുതാക്കിയത്. അച്ഛന്റെ മരണശേഷവുംഅമ്മാളു തന്റെ മകനുവേണ്ടി ജീവിച്ചു. ഇപ്പോൾ ഉണ്ണി  ഇതെല്ലാം മറനിരിക്കുന്നു.കാലം മറിയപ്പോൾ തന്റെമകനും മാറിയിരിക്കുന്നു' എന്ന് അമ്മാളു ചിന്തികികുന്നു. ഉണ്ണിയുടെ ഭാര്യയായ ദേവൂ പോലും അമ്മാളുവിനെ പരിചരിക്കുന്നില്ല, പരിഗണിക്കുന്നില്ല. ദേവൂന്  അമ്മാളുവിനെ തീരെ ഇഷ്ടമല്ല. ആഹാരം പോലും കൃത്യമായി കൊടുക്കില്ലായിരുന്നു. പേരക്കുട്ടികൾ അവർ കഴിക്കുന്ന ഭക്ഷണസാധനങ്ങളുടെ ഒരു പങ്ക് അമ്മാളുവിന് നല്കിയിരുന്ന     താങ്ങായി തണലായി അമ്മാളുവിന്റെ ഒപ്പം കുട്ടികളും ഉണ്ടായിരുന്നു. ഒരു ദിവസം അമ്മാളു തന്റെ മകനെപ്പറ്റി ഓർത്ത് കണ്ണുകൾ നിറഞ്ഞു. അതുകണ്ട് കുട്ടികൾ അമ്മാളുവിന്റെ അടുത്തേക്ക് ഓടിവന്നു.  എന്തിനാണ് അമ്മുമ്മ സങ്കടപ്പെടുന്നത്. അമ്മുമ്മയ്ക്ക് ഞങ്ങളില്ലേ?' എന്നു ചോദിച്ചുകൊണ്ട് അമ്മാളുവിനെ പുണർന്നു. അമ്മാളുവിന് ഈ വാക്കുകൾ വെറും ആശ്വാസ വാക്കുകൾ മാത്രമായിരുന്നില്ല. എന്നാൽ തനിക്ക് വേണ്ട സ്നേഹവും ബഹുമാനവും അംഗീകാരവും പരിചരമയും ഒക്കെയും ലഭിക്കാത്തതിലുള്ള വിഷമം പറഞ്ഞറിയിക്കാൻ പറ്റത്തതായിമാറുന്നു.

'മക്കളേ ഞാനൊരു ഭ്രാന്തിയാണ്.

എല്ലാരും എന്നെ കാണുന്നതും അങ്ങനെത്തന്നെയാണ്. നിങ്ങളും............... അമ്മാളുവിന്റെ വാക്കുകൾ ഇടറി.

എപ്പോഴും ഞങ്ങുടെ സ്കൂൾ ടീച്ചർ പറയാറുണ്ട്. വൃദ്ധ ജനങ്ങളെ നന്നായി പരിചരിക്കുകയും അവർക്കുവേണ്ട എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കുകയും വേണമെന്ന്. 'ഞങ്ങൾക്ക് ഞങ്ങളുടെ അമ്മൂമമയെ വലിയ ഇഷ്ടാ. പുഞ്ചിരിനിറഞ്ഞ മുഖതിത്തോടുകൂടി അമ്മാളു പറഞ്ഞു: മക്കളേ................ അമ്മാളുവിന്റെ മനസ്സ് തകർന്നു. കണ്ണുകൾ നിറഞ്ഞു. ചുളിവുവീണ മുഖത്തുകൂടി കണ്ണുനീർത്തുള്ളികൾ ഒഴുകി അമ്മാളു ആഹ്ലാദം പൂണ്ട് സ്തബ്ധയായി. അങ്ങനെ സന്ധ്യയായി. കിഴക്കൻ ആകാശം ചുവന്നു. മരങ്ങൾക്കിടയിൽ ഒരു ചുവന്ന ഗോളം. അമ്മാളുവിന്റെ മുഖത്തേക്ക് വൈകുന്നേരത്തെ അസ്തമയ സൂര്യ കിരണങ്ങൾ തട്ടി. 'ആരുമില്ലാത്തവർക്ക് ദൈവം തന്നെ അഭയം നല്കും.' എന്നു പറഞ്ഞുകൊണ്ട് എങ്ങോട്ടെന്നില്ലാതെ ആർക്കും ഒരു ബുദ്ധിമുട്ടാകരുത് എന്ന് ആഗ്രഹിച്ചുകൊണ്ട് യാത്രയായി..................

രേഷ്മ.ജെ
10B

# ഹോളി ഉത്സവം

സ്ഥലം : ഇന്ത്യയും നേപ്പാളും
സമയം : ഫെബ്രുവരി അവസാനം മുതൽ മാർച്ച് പകുതി വരെ

ലോകത്തിലെ ഏറ്റവും വലിയ മതപരമായ ഉത്സവങ്ങളിൽ ഒന്നാണ് ഹോളി. നിറങ്ങളുടെ ഉത്സവം എന്ന് വിളിക്കപ്പെടുന്ന ഹോളി ഇന്ത്യയുടെ പ്രശസ്തി ഉയർത്തിയ ഉത്സവമാണ്. വസന്തകാല ആഘോഷമാണ് ഹോളി. വസന്തകാല വിളവെടുപ്പിന്റെ പ്രതീക്ഷയാണ്. ഈ ആഘോഷത്തിന്റെ അടിസ്ഥാനം. തദ്ദേശവാസികൾക്കും വിനോദസഞ്ചാരികൾക്കും ഹോളി ഉത്സവത്തിൽ കളിക്കാനും നൃത്തം ചെയ്യാനും പാടാനും അവസരം ലഭിക്കുന്നു. സുഹൃത്തുക്കൾ, ബന്ധുക്കൾ എന്ന് വേണ്ട അപരിചിതരുടെ മേൽ പോലും നിറം വാരി പൂശാൻ കിട്ടുന്ന അവസരമാണ്. ഉത്സവത്തിന്റെ തലേന്ന് മുതൽ തുടങ്ങുന്ന പാട്ടും നൃത്തവും ഹോളി ആഘോഷങ്ങൾ കൂടുതൽ രസകരമാക്കുന്നു

GAYATHRY .A
8C


# സൈക്കിൾ

"മോളെ വന്ന് ഊണ് കഴിക്ക്"അമ്മ കെഞ്ചി പറഞ്ഞു "എനിക്ക് സൈക്കിൾ വേണം" അവൾ വാശി പിടച്ചു". "വാങ്ങിതരാം ഇപ്പോ ഊണ് കഴിക്ക് ". അമ്മ അവളെ സമാതാനിപ്പിച്ചു. "എന്റെ പൊന്നുമോൾക്ക് അച്ഛൻ വാങ്ങിത്തരാം." അച്ഛനും പറഞ്ഞുനോക്കി.

"എനിക്ക് സൈക്കിൾ നാളെ തന്നെ വേണം." അവൾ കരച്ചിലിന്റെ ശക്തി കുറച്ചു. അച്ഛൻ അമ്മയുടെ മുഖത്ത് നോക്കി. "മോളെ അച്ഛന്റെ കയ്യിൽ കാശുണ്ടാവട്ടെ. നാളെ മോളുടെ പിറന്നാൾ അല്ലെ. വന്ന് ഊണ് കഴിക്ക് പിറന്നാൾ തലേന്ന് വയറു വിശന്ന് കിടക്കരുത് ." അമ്മ വീണ്ടും പറഞ്ഞു. "പിറന്നാളിന് എനിക്ക് സൈക്കിൾ വേണം. സൈക്കിൾ ഇല്ലങ്കിൽ പിറന്നാളും വേണ്ട." അവൾ മുഖം വീർപ്പിച്ചു. അമ്മ അച്ഛനെ നോക്കി. ആ നോട്ടം നേരിടാനാവതെ അച്ഛൻ മപഖം തിരിച്ചു. അവൾ അതു കണ്ടു. "മോള് വാ. നാളെ തന്നെ നോൾക്ക് സൈക്കിൾ വാങ്ങിച്ചുത്തരാം. സൈക്കിൾ ഓടിച്ചുകൊണ്ട് മോൾക്ക് പിറന്നാൾക്കാരിയാകാം. അടുത്ത ദിവസം മോൾക്ക് പിറന്നാൾ ആശംസകൾ. ഇന്നാ മോളുടെ സൈക്കിൾ." അങ്ങനെ അവർ കഴിഞ്ഞുകൂടി.

വിനയ

6A



## മഹത് വചനങ്ങൾ

ശരിയല്ലാത്തഅറിവുകൾ
കൊണ്ടുണ്ടായ ബന്ധനങ്ങൾ
ശരിയായ അറിവുകൊണ്ടല്ലാതെ
ക്ഷയിക്കുകയില്ല
[ശങ്കരാചാര്യർ]

അന്യർക്കുവേണ്ടി ജീവിക്കുന്നവരേ ജീവിക്കുന്നുള്ളു
ബാക്കിയുള്ളവർ ജീവിച്ചിരുന്നാലും
മരിച്ചവർക്കു തുല്യം
[സ്വാമി വിവേകാനന്ദൻ]

ഇന്ന് നിങ്ങളെ എന്താണോ
ദുഃഖിപ്പിച്ചത് അത് നാളെ നിങ്ങളെശക്തിപ്പെടുത്തും
[ശ്രീ ബുദ്ധൻ]

ജീവിതം പ്രകൃതിയുടെ ദാനവും
സുന്ദരജീവിതം ബുദ്ധിയുടെ
ദാനവുമാണ്
[ഗാന്ധിജി]

വിദ്യാഭ്യാസം ഒരു നാണയം
പോലയാണ് ഒരുവശം
പ്രവൃത്തിയും മറുവശം
ജ്ഞാനവും നിറഞ്ഞിരിക്കുന്നു
[ടാഗൊർ]

അനന്തലക്ഷമി.എ
8A

# ഹാർബിൻ ഐസ് ആൻഡ് സ്നോ ഫെസ്റ്റിവൽ

സ്ഥലം : ഹാർബിൻ, ചൈന

സമയം : ജനുവരി, ഫെബ്രുവരി

ചൈനയിൽ ഹാർബിനിൽ നടക്കുന്ന ലോകത്തിലെ ഏറ്റവും വലിയ ഐസ് ആൻഡ് സ്നോ ഫെസ്റ്റിവൽ ആണിത്. ഹാർബിൻ ഐസ്ആൻഡ് സ്നോ ഫസ്റ്റിവൽ ഓരോ വർഷവും സന്ദർശകർക്ക് ഒരു പുതിയ ശീതലോകം സമ്മാനിക്കുന്നു. ചൈനയിലെ ഈ നഗരത്തെ 'ഐസ് സിറ്റി' എന്ന് വിളിക്കുകയും ചെയ്യുന്നു.

ഹാട്ബിൻ ചൈനയുടെ ഹിമ തലസ്ഥാനമായി മാറി. മാത്രമല്ല, അവിശ്വസമിയമായവിധം, അതിമനോഹരമായ ഐസ്, മഞ്ഞ് ശിൽപങ്ങൾക്ക് പേരുകേട്ടതാണ് ഈ പ്രദേശം. ഇവിടെ ഐസ് ആൻഡ് സ്നോ ഫെസ്റ്റിവലിന് മുമ്പ് ഐസ് ലാന്റേൺ ഫെസ്റ്റിവൽ നടക്കുന്നു. എന്തായാലും ചൈനയിലെ ഐസ് ആൻഡ് സ്നോ ഫെസ്റ്റിവൽ ലോകത്തിലെ ഏറ്റവും മികച്ചശൈത്യകാലഉത്സവങ്ങളിൽഒന്നാണ്.

ഗായത്രി.എ
8C

# കുഞ്ഞാട്

കിങ്ങിണികെട്ടിയ കുഞ്ഞാട്
പൊങ്ങിച്ചാടും കുഞ്ഞാട്
കൊമ്പുമുളച്ചില്ലെന്നാലും
വമ്പു നടിക്കും കുഞ്ഞാട്
കുട്ടിക്കളികൾ കാട്ടീടും
മൊട്ടത്തലയൻ കുഞ്ഞാട്
മുട്ടിലിടിക്കാനെത്തുന്നേ,
കുട്ടികളെല്ലാമോടിക്കോ



# മാലിന്യ മുക്ത കേരളം

പ്ലാസ്റ്റിക്ക് ഒരു അപകടം പിടിച്ച സാധനമാണ്. ഭ്രമിയെ അത് നശിപ്പിക്കുന്നു. ചപ്പ് ചവറുകൾ അവിടെയു ഇവിടെയും വലിച്ചെറിയുന്നതും നമ്മളോരോരുത്തരും തന്നെയാണ. മാലിന്യത്താൽ കട്ടപിടിച്ച ഈ ലോകം ചവിറ്റുകൊട്ടയാണ്. പ്ലാസ്റ്റിക്കിന്റെ പല ആവശ്യങ്ങളും തുണികൾകൊണ്ടോ പേപ്പറുകൾ കൊണ്ടോ ചെയ്താൽ ഈ ലോകം പുതുസുഗന്ധമുള്ള ഒരു ചെറു പുഷ്പത്തെ പോലെയാകും അതാണ് ഈ ലോകത്തിന് വേണ്ടത്. പ്ലാസ്റ്റിക്കുകളും മാലിന്യങ്ങളും ഇല്ലാത്ത ഈ ലോകം അതിസുന്ദരമായിരിക്കും. ഞാൻ അത് സ്വപ്നങ്ങളിൽ കാണും ഒരുനാൾ ആ സ്വപ്നം ഒരു യാഥാർത്ഥമായിമാറും എന്ന വിശ്വാസത്തോടെ പ്രേത്നിക്കണം. പ്ലാസ്റ്റിക്ക് കവറുക്കൾ ഒരു കൊട്ട കണക്കിന് തിങ്ങിക്കുട്ടുന്നതിനും പകരം തുണി സഞ്ചികൾ തൈയ്യ്ക്കണം പ്ലാസ്റ്റിക്കിനെ അകറ്റണം. പ്ലാസ്റ്റിക്ക് പേനകൾ അകറ്റണം പേപ്പർ പേനകൾ നിർമ്മിക്കണം. നമ്മുടെ നാടിനെ

രക്ഷിക്കണം എന്ന ബോധത്തോടെ. നാം പ്രേത്നിക്കണം. ശുചിത്വ ക്ലബിന് ചേരാൻ സാധിക്കുന്ന എല്ലാവരും ചേരണം ശുചിത്വ കേരള പങ്കാളിയായി നാം വളരണം. അങ്ങനെ നമ്മുടെ ഭ്രമിയെ ഈ മരണത്തിന്റെ വക്കിൽ നിന്ന് കരകയറ്റി ഭ്രമിയെ സന്തോഷിപ്പിക്കണം അതാണ് ലക്ഷ്യം അതായിരിക്കണം നമ്മുടെ ലക്ഷ്യം.

ആലിയാ.എ

7 C

# REAL LIFE HERO

SOME THINGS ARE DONE FOR THE LOVE OF IT. AND SOME ARE DONE FOR MONEY. BUT IT'S WONDERFUL WHEN YOU MAKE A MOVIE FOR THE LOVE OF IT AND IT ALSO MAKES MONEY. I GATHER, 12TH FAIL IS WELL ON THE WAY TO BECOMING A FINANCIAL SUCCESS TOO.

12TH FAIL IS A BIG PASS WITH DISTINCTION. IT IMPRESS AND INSPIRES. IT I

A CINEMATIC



TROUPE THAT EXCELS IN EVER DEPARTMENT.

VINDHU VINOD CHOPRA'S ARTIST SHINES THROUGH IN EVERY FRAME, TURNIN MOMENTS INTO MAGIC. HE'S A MASTER STORY TELLER. WRITER AND DIRECTING A FILM AFTE MANY YEARS, WITH APLOMB AND EASE. H UNDERSTAND EVERY FACET OF THE MEDIUM.

RIGHT FROM THE START OF TH MOVIE SARITA JOSHI, AS DASI, SETS THE PACE AN TENOR OF THE FILM. WHEN SHE CENSURES TH DAROGA WHO COMES WITH THE SUSPENSIO NOTICE .

VIKRANT MASSEY IS MOSTLY GOO IN WHICH EVER ROLE HE PLAYS. BUT THIS PORTRAYAL OF REAL-LIFE IPS OFFICE MANOJ KUMAR SHARMA DEMANDS MORE. AND HE RISES TO THE OCCASION AND HOW! H TAKES US THROUGH A TORNADO OF EMOTIONS FROM INNOCENCE, ANGER,DEXTERIT HAPPINESS AND MORE. MEDHA SHANKAR PROVIDES STRONG SUPPORT. AS DO THE ENTIR ENSEMBLE OF ACTORS NOT ONE OF TLOOKS OUT OF PLACE OR MISCAST.

SPECIAL MENTION FOR CINEMATOGRAPHER. RANGARAJAN RAMABADRA WHO MAKES FLUID USE OF THE CAMERA, THAT'S UNSEEN IN HINDI FILMS.

THE ANTHEM, RESTART, LINGERS ON FOR A LONG TIME. WE EXPECT NO LESS FROM SHANTANU MOITRA WHO HAS ALSO CREATED TH BACKGROUND SCORE.

WE AS CINEPHILE DESERVE CINEMA THAT RESPECT US IT'S ABOUT TIME.

ANNLIA SOS SHIBU

# കൊച്ചി സ്റ്റേഡിയം

കൊച്ചി : കൊച്ചിയിൽ പുതിയ ക്രിക്കറ്റ് സ്റ്റേഡിയം വരുന്നു. ഇതിനായി കേരള ക്രിക്കറ്റ് അസോസിയേഷൻ {കെസിഎ}സംസ്ഥാന സർക്കാരിനു രൂപരേഖ സമർപ്പിച്ചു. രാജ്യാന്തര സ്റ്റേഡിയം ഉൾപ്പെടെ മൾട്ടി സ്പോർട്സ് സിറ്റി നിർമിക്കുകയാണ് ലക്ഷ്യം. 750 കോടി

രൂപയുടേതാണ് പദ്ധതി. 'കൊച്ചി സ്പോർട്സ് സിറ്റി ' എന്ന പേരിലാണ് പദ്ധതി രൂപരേഖ സർക്കാരിനു സമർപ്പിച്ചത്. നെടുമ്പാശേരി വിമാനത്താവളത്തിന് അടുത്താണ് പുതിയ സ്പോർട്സ് സിറ്റിക്കായി സ്ഥലം കണ്ടെത്തിയ ചെങ്ങമനാട്. ഇവിടെ 40 ഏക്കർ സ്ഥലമാണ് കണ്ടെത്തിയിട്ടുള്ളത്.

രാജ്യാന്തര ക്രിക്കറ്റ് സ്റ്റേഡിയം ഉൾപ്പെടുന്ന, ഇന്ത്യയിലെ ആദ്യത്തെ കാർബൺ ന്യൂട്രൽ സ്പോർട്സ് സിറ്റിയാണ് കെസിഎ വിഭാവമനം ചെയ്യുന്നത്. 40,000 പേർക്ക് ഇരിക്കാവുന്ന സ്റ്റേഡിയമാണ് രൂപരഖയിലുള്ളത്. ഇൻഡോർ,ഔട്ഡോർ പരിശീലന സൗകര്യം, പരിശീലനത്തിന് പ്രത്യേക ഗ്രൗണ്ട്, സ്പോർട്സ് അക്കാദമി, റിസർച്ച് സെന്റർ, എക്കോ പാർക്ക, വാട്ടർ സ്പോർട്സ് പാർക്ക്, സ്പോർട്സ് മെഡിസിൻ ആൻഡ് ഫിറ്റ്നസ് സെന്റർ, ഇ സ്പോർട്സ് അരീന, എന്റർടെയ്ൻമെന്റ് സോൺ,ക്ലബ് ഹൗസ് തുടങ്ങിയവയാണ് സ്പോർട്സ് സിറ്റിയിലുണ്ടാകുക.



ലക്ഷ്മിപ്രിയ.എ
7C




GREAT WORDS

1. Hope is a walking dream -Aristotle
2. Learn from yesterday,live for today,hope for tommorow.The important thing is not to stop questioning-Albert Einstein
3. No man has a good enough memory to make a successful lair-Abraham Lincoln
4. You cannot believe in god until you believe in yourself -Swami Vivekananda
5. Genius is one percent inspiration and ninety-nine percent perspiration -Thomas A Edison
6. Facts are facts and will not disappear on account of your likes – Jawahar Lal Nehru
7. Alone we can do so little,together we can do so much – Helen Killer
8. Good people do not need laws to tell them to act responsibly,while bad people will find a way around the laws -Plato
9. From each according to hisabilities,to each according to his needs-Karl Marx
10. When one door closes,another opens,but we often look so long and so regretfully upon the closed door that we do not see the one which has opened for us-Alexander Grahambell
11. Three things cannot be long hidden;the sun,the moon,and the truth-Sri Buddha
12. Happiness is the natural flower of duty-Philips Brook
13. The most important thing in communication is hearing what isn't said-Peter Drucker
14. Man is the only creature who refuses to be what he is- Albercy Camus
15. kindness is the language which deaf can hear and the blind can see-Mark twain

Gadha.N
8 A

# THE DONKEY IN LION'S SKIN

ONCE UPON A TIME A DONKEY FOUND LION'S SKIN. HE DRESSED HIMSELF IN THAT SKIN. WHEREVER HE WENT THE OTHER ANIMALS AND PEOPLE FEARED HIM. EVERYONE THOUGHT THAT HE WAS A REAL LION. SOON HE STARTED TO THINK OF HIMSELF AS A LION. ONE DAY HE HEARD SOME DONKEYS BRAYING IN THE VILLAGE. HE WANTED TO SHOW THEM THAT HE CAN SING EVEN LOUDER. SO HE STARTED BRAYING. THE
VILLAGERS HEARD HIM. THEY RAN AFTER HIM WITH STICKS AND BEAT HIM TO DEATH. THUS THE POOR DONKEY PAID THE PRICE FOR HIS FOOLISHNESS.

MORAL: NEVER MASQUERADE AS SOMEONE ELSE

# രണ്ടു കൂട്ടുകാർ

ഒരു പരിചയവുമില്ലാതെ അവർ കണ്ടുമുട്ടുന്നു. ഒന്നാം ക്ലാസിൽ. അവിടെ നിന്നും തുടർന്ന് അവർ ഒരുമിച്ചുതന്നെ. തന്റെ കൂട്ടുക്കാരിയെ വഴക്കു പറയുന്നതോ അവഗണിക്കുന്നതോ ജെനിഫീക്കയ്ക്ക് ഇഷ്ടമായിരുന്നില്ല. ഭയങ്കര ദേഷ്യമായിരുന്നു. പിറന്നാൾ വേളകളിൽ തമ്മിൽ പരസ്പരം സമ്മാനങ്ങൾ കൈമാറുകയും എന്തുകിട്ടിയാലും രണ്ടുപേരുംകൂടി വഴകിടാതെ എടുക്കുകയും ചെയ്തിരുന്നു. എന്നാൽ പലർക്കും അത് ഇഷ്ടമായിരുന്നില്ല. ജെനിഫിക്ക അവളുടെ കൂട്ടുകാരി മേരിയുമായി സംസാരിക്കുന്നതുപോലും ഇഷ്ടമല്ലാത്തവർ അവിടെ ഉണ്ടായിരുന്നു. ഒരു ദിവസം സ്കൂളിൽ ക്ലാസ് ഉച്ചവരെ ഉണ്ടായിരുന്നുള്ളു. അന്ന് അവർ സ്കൂൾ പിരിഞ്ഞ് വീട്ടിലേക്കു പോകവെ വഴിയിൽ വെച്ച് ഒരു ഐസ്ക്രീം കച്ചവടക്കാരനെ കണ്ടു. അപ്പോൾ അവർക്ക് ഐസ്ക്രീം കഴിക്കണനെന്ന് ആഗ്രഹം തോന്നി. അവിടെ അടുത്ത് ജെനിഫീക്കയുടെ ഒരു ബന്ധുവിന്റെ വീടുണ്ട്. അവൾ മേരിയേയും കൂട്ടി അവിടേക്ക് പോയി. അവിടെ ചെന്ന് ഐസ്ക്രീം വാങ്ങാൻ പൈസ എത്രയാണോ വേണ്ടത് അത്രയും നല്കി.

അവർ അവിടെ നിന്നും പൈസവാങ്ങി ഐസ്ക്രീം വാങ്ങാനുള്ള സന്തോഷത്തിൽ സൈകിൾ തിരിച്ച് മുൻപ് ഐസ്ക്രീം വിൽക്കുന്നയാളെ കണ്ടിടത്തേക്കു പോയി. പക്ഷേ അവിടെ അദ്ദേഹത്തെ കാണുവാനായി സാധിച്ചില്ല. മണിയുടെ ശബ്ദം കാതോർത്ത് അവർ മുൻപോട്ടു നീങ്ങി. കുറേ ദൂരം പോയപ്പോൾ ഒരു മുത്തശ്ശി വഴിയരികിൽ നിൽക്കുന്നു. അവർ മുത്തശ്ശിയോട് കാര്യം തിരക്കി. അപ്പോൾ മുത്തശ്ശി പറഞ്ഞു : " അത് എന്റെ മകനാണ്. വരൂ എന്റെ വീട്ടിലേക്ക്. നിങ്ങൾക്ക് അവിടെ നിന്നും ആവശ്യത്തിന് ഐസ്ക്രീം തരാം." മുത്തശ്ശിയുടെ പിന്നാലെ അവർ രണ്ടുപേരും നടന്നു. അവർക്ക് ദൂരെനിന്നുതന്നെ മുത്തശ്ശിയുടെ വീട് കാണുവാനായി കഴിയുന്നുണ്ട്. കുറേ അടുത്തേക്കുചെന്നപ്പോൾ അതാ മുറ്റത്ത് ഐസ്ക്രീംകാരന്റെ സൈക്കിൾ ഇരിക്കുന്നു . വീടിനകത്തുനിന്ന് ഐസ്ക്രീംകാരന്റെ ശബ്ദം കേൾക്കുന്നുണ്ട്. മുത്തശ്ശി വിളിച്ചു പറഞ്ഞു : "മോനേ നിന്നെ തിരക്കി രണ്ടു കുട്ടികൾ വന്നിരിക്കുന്നു." ഐസ്ക്രീംകാരൻ പുറത്തേക്കിറങ്ങി വന്നപ്പോൾ കുട്ടികൾ അദ്ദേഹത്തോട് കാര്യം പറഞ്ഞു. അദ്ദേഹം പറഞ്ഞു : "ഇത്രയും ദൂരം എന്നെ തിരക്കി വന്നതിന് ഒരുപാട് നന്ദി." "കുട്ടികൾക്ക് അവരുടെ ആവശ്യത്തിനുള്ള ഐസ്ക്രീം നൽകൂ." അദ്ദേഹം അമ്മയോട് പറഞ്ഞു. കുട്ടികൾ ആഹ്ലാദഭരിതരായി. അപ്പോൾ മുത്തശ്ശി കിട്ടികളെ ഊണ് കയിക്കാൻ വിളിച്ചു. ആദ്യമൊക്കെ അവർ താൽപര്യരായിരുന്നില്ല എങ്കിൽ മുത്തശ്ശിയുടെ സ്നേഹത്താൽ ആ ലാളനയാൽ അവർ ചോറു കഴിക്കാൻ താൽപര്യരായി. അങ്ങനെ മുത്തശ്ശിക്കും മകനും ഒപ്പം അവർ ചോറു കഴിച്ചു. എല്ലാത്തിനും ശേഷം അവർ യാത്ര പറഞ്ഞിറങ്ങി.

രേഷ്മ.ജെ
10B

# രണ്ടു പൂമ്പാറ്റകളുടെ കഥ

ഒരിടത്തു ഒരു മനോഹരമാ പൂ ന്തോട്ടം ഉണ്ടായിരുന്നു . എവിടെയാണെങ്കിലും ഒരുപാട് പൂമ്പാറ്റകളും ..അവരുടെ പേരാണ് ചിന്നുവും അമ്മുവും .. അവർ എന്നും ആ പൂന്തോട്ടത്തിൽ പാറി പേരാണ് നടക്കുമായിരുന്നു . ഒരു ദിവസം ചെന്ന് അറിയാതെ ഒരു ചിലന്തി വലയിൽ കുടുങ്ങി .. ചിലണ്ടി ആണെന്കി നല്ല ഉറക്കവും ... അമ്മു എന്ത് ചെയ്യണം എന്നറിയാതെ അവിടെത്തന്നെ നിൽക്കുകയായിരുന്നു .. ചിന്നുവിന് ആ ചിലന്തി വലയിൽ ഓണനാഗം പോലും സാധിച്ചിരുന്നില്ല . അമ്മു സഹായത്തിനായി ചുറ്റും നോക്കി .. അങ്ങനെ നോക്കുമ്പോളാണ് അവൾ രണ്ടു കുട്ടികളെ കണ്ടത് .. .അമ്മു ചിന്നുവിനോട് പറഞ്ഞു "ചിന്നു നീ പേടിക്കരുത്ഞാൻ ഉടനെ വരാംഏതു പറഞ്ഞു അവൾ വളരെ വേഗ ത്തിൽ ആ കുട്ടികളുടെ അടുത്തേക്ക് പാഞ്ഞു .അവരുടെ അടുത്ത് എത്തിയ അമ്മു അവരുടെ ചുറ്റും പറക്കാൻ തുടങ്ങി അപ്പോൾ ആ കൂട്ടത്തിലുള്ള ചെറിയ പെൺകുട്ടി അമ്മുവിനെ കണ്ടു ആപെൺകുട്ടി അമ്മുവിനെ പിടിക്കാനായി അവളുടെ പിറകെ ഓടാൻ തുടങ്ങി ഇതു കണ്ടതും അമ്മു ചിന്നുവിന്റെ അടുത്തേക്ക് പറക്കാൻ "നിന്നോട് ഞാൻ പലവട്ടം പറഞ്ഞിട്ടുണ്ട് പൂമ്പാറ്റകളുടെ പിറകെപോകെ അരുതെന്നു " അവിടെ എത്തി അവളോട് പറഞ്ഞു ചീത്ത ഈ പൂമ്പോറ്റ എന്തോ ചെയുന്നു .അവൾ ചേട്ടനോട് പറഞ്ഞു അപ്പോൾ അവൾ ചൂണ്ടി കാണിച്ച സ്ഥലത്തേയ്ക്ക് നോക്കി .ഒരു കുഞ്ഞുപൂമ്പാറ്റ ചിലന്തി വലയിൽകുടുങ്ങിക്കിടക്കുന്നു. അയ്യോ !പാവം നമുക്ക് അതിനെരക്ഷിക്കാം .ചേട്ടൻ കുഞ്ഞനിയത്തയോട്ടു പറഞ്ഞു വഅവവിടെ എത്തിഅവളോട് പറഞ്ഞു ചീത്ത ഈ പൂമ്പാറ്റ എന്തോ ചെയുന്നു .അവൾ ചേട്ടനോട് പറഞ്ഞു അപ്പോൾ ചീറ്റാൻ അവൾ ചൂണ്ടി കാണിച്ച സ്ഥലത്തേയ്ക്ക് നോക്കി .ഒരു കുഞ്ഞുപൂമ്പോറ്റ ചിലന്തി വലയിൽ കുടുങ്ങിക്കിടക്കുന്നു. അയ്യോ !പാവം നമുക്ക് അതിനെ രക്ഷിക്കാം .ചേട്ടൻകുഞ്ഞനിയത്തയോട്ടു പറഞ്ഞു മററുള്ളവരെ സഹായിക്കണമെന്ന്''അമ്മ നമ്മോട്ടു പറഞ്ഞിട്ടില്ലേ ..എന്നിട്ടുചേട്ടൻ പതിയെ ആ വല പൊട്ടിച്ചു ചിന്നുവിനെരക്ഷപെടുത്തി..എല്ലാവർക്കും സന്തോഷമായി ..മറ്റുള്ളവരെ സഹായിക്കാൻ ഉള്ള മനസ്സ് നമ്മുക്കുണ്ടായിരിക്കണം

IVANLY JOMON
6A

# എന്റെ ഭാഷ

നമ്മളെ നാമാക്കിയ ഭാഷ മലയാളമാണ്. മാതൃഭാഷ അറിവിന്റെ ആദ്യാക്ഷരമാണ്. ഇന്ന്
നമലയാളികൾ ഒരുപാട് മാറിയിരിക്കുന്നു കുട്ടികൾ നന്നായി ഇംഗ്ലീഷ് പറയാൻ വേണ്ടി ഏത് ത്യാഗവും സഹിക്കാൻ മലയാളികൾ തയ്യാറായിക്കഴിഞ്ഞു........ മക്കൾ മലയാളം പറയുന്നത് കുറച്ചിൽ ആണെന്ന് കരുതുന്ന മാതാപിതാക്കളും ഇന്നും ഉണ്ട്. ഭാഷകൾ മരിച്ചുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ നമ്മുടെ ഭാഷയെ നാം സ്നേഹിക്കേണ്ടതാണ്. ഭാഷ നശിക്കുമ്പോൾ സംസ്കാരവും നശിക്കും. ഒരോഭാഷയും സംസ്കാരത്തിന്റെ ചിഹ്നമാണ് അടയാളമാണ് അമ്മ മലയാളത്തെ നമ്മുക്ക് സംരക്ഷിക്കണം. സംരക്ഷിക്കും എന്ന് നമ്മുക്ക് പ്രതിജ്ഞ എടുക്കാം

മീനാക്ഷി. എസ്. കുമാർ
8c

# നന്ദി

ശലഭം എന്ന ഈ മാഗസിന് പിന്തുണയേകിയ  ഹെഡ്മാസ്റ്റർ  ജോൺ വർഗീസ്  സാറിനും   സീനിയർ  അസിസ്റ്ററൻറ്  എലിസബത്ത്  ററീച്ചറിനും എല്ലാ അധ്യാപകർക്കും  കൂട്ടുകാർക്കും നന്ദി

ANNLIA SOSA AHIBU
ANANTHA LEKSHMI A
GADHA N
GAYATHRI A